**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **08-10-2021 - ൽ മറുപടിയ്ക്ക്**

**അഗ്രികൾച്ചറൽ മാർക്കറ്റിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വേങ്ങേരി അഗ്രികൾച്ചറൽ മാർക്കറ്റിന്റെ വികസനത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; | (ബി) | കോഴിക്കോട് വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിന്റെ വികസനം ലക്ഷ്യമാക്കി സമഗ്രമായ പദ്ധതിയും മാസ്റ്റർ പ്ലാനും വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ കുറ്റമറ്റതാക്കി തയാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ ഏകദേശം 126.45 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത മാസ്റ്റർ പ്ലാൻ ഘട്ടം ഘട്ടമായി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | മാർക്കറ്റിന്റെ ഭാഗമായി അഗ്രോ ബസാർ സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (സി) | മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള അഗ്രോ പാർക്ക് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. കിഫ്ബി യുടെ അംഗീകാരത്തിനായി പ്രൊജക്റ്റ് KAICO മുഖേന നൽകിയിട്ടുണ്ട്. അഗ്രോ പാർക്ക് നടപ്പിലാക്കുന്നതിന് സ്റ്റേക്ക് ഹോൾഡേഴ്സ് യോഗം വിളിച്ചു ചേർക്കുകയും വിശദമായി ചർച്ച ചെയ്യുകയും നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ